ഹോട്ടലുകളിൽ ശുചിത്വം പാലിക്കുന്നതിനും പഴകിയ ആഹാരസാധനങ്ങൾ വിൽക്കപ്പെടാതിരിക്കാനും നടപടി

104 [561] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ശുചിത്വം പാലിക്കുന്നതിനും പഴകിയ ആഹാര സാധനങ്ങൾ വിൽക്കാതിരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ലൈസൻസുള്ള ഹോട്ടലുകളെയും താൽക്കാലിക അടിസ്ഥാനത്തിൽ ഉത്സവ ആഘോഷങ്ങളിലും, വഴിയോരങ്ങളിലും പ്രവർത്തിക്കുന്ന ഭക്ഷണശാലകളെയും നിബന്ധനകൾ പാലിച്ച് പ്രവർത്തിപ്പിക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(സി) അനധികൃത ഭക്ഷണശാലകൾ വ്യാപകമായി കേരളത്തിൽ ഉണ്ടെന്നും ഇവക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ഏതെങ്കിലും വ്യക്തികളോ സംഘടനകളോ സർക്കാരിന് നിവേദനങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) വൃത്തിഹീനമായ അന്തരീക്ഷത്തിൽ പഴകിയ ആഹാര സാധനങ്ങൾ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ നിർദ്ദേശിച്ച് ഏതെങ്കിലും കോടതികൾ വിധി പ്രസ്താവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ; കോടതി ഉത്തരവ് പ്രാവർത്തികമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും വിധി നടത്തിപ്പിന്റെ നിലവിലുള്ള സ്ഥിതി എന്തെന്നും അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ശുചിത്വം പാലിക്കുന്നതിനും, പഴകിയ ആഹാര സാധനങ്ങൾ വിൽക്കാതിരിക്കുന്നതിനും മായം ചേർക്കൽ നിരോധന നിയമ പ്രകാരം അതാത് പ്രദേശത്തെ ഫുഡ് ഇൻസ്പെക്ടർമാരും പൊതുജനാരോഗ്യ നിയമ പ്രകാരം ഹെൽത്ത് ഓഫീസർമാരും ഹെൽത്ത് ഇൻസ്പെക്ടർമാരും വ്യാപകമായി പരിശോധന നടത്തി നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. പഴകിയ ആഹാര സാധനങ്ങൾ വിൽപ്പന നടത്തുന്നതായി കാണുന്ന പക്ഷം അതാത് പ്രദേശത്തെ ഹെൽത്ത് ഓഫീസർമാരും, ഫുഡ് ഇൻസ്പെക്ടർമാരും അവ പിടിച്ചെടുത്ത് നശിപ്പിക്കുകയും തുടർ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ലൈസൻസുള്ള ഹോട്ടലുകളെയും താൽക്കാലിക അടിസ്ഥാനത്തിൽ ഉത്സവ ആഘോഷ സ്ഥലങ്ങളിലും, വഴിയോരങ്ങളിലും പ്രവർത്തിക്കുന്ന ഭക്ഷണ ശാലകളെയും ലൈസൻസ് നിബന്ധനകൾ പാലിച്ച് പ്രവർത്തിക്കാത്തപക്ഷം ഫുഡ് ഇൻസ്പെക്ടർമാർ മായം ചേർക്കൽ നിരോധന നിയമപ്രകാരവും, ഹെൽത്ത് ഓഫീസർമാരും ഹെൽത്ത് ഇൻസ്പെക്ടർമാരും പൊതുജനാരോഗ്യ നിയമപ്രകാരവും നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനധികൃത ഭക്ഷണശാലകൾ വ്യാപകമായി കേരളത്തിൽ ഉണ്ടെന്നും ഇവക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ സെക്കന്റ് ഫ്ളോർ, കെ. എച്ച്. ആർ. എ. ഭവൻ, എം. ജി. റോഡ് കൊച്ചി പരാതി നൽകിയിട്ടുണ്ട്. കേരളത്തിൽ രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന തട്ടുകടകൾ നിരോധിക്കണമെന്ന ആവശ്യമാണ് ഇവർ നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ളത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

മഞ്ചേരി ജില്ലാ ആശുപത്രിയിൽ മനഃശാസ്ത്ര ചികിത്സാ ഒ. പി. വിഭാഗം പ്രവർത്തിക്കുന്നതിനുള്ള നടപടി

105 [562] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കാതിരിക്കുന്ന മനഃശാസ്ത്ര ചികിത്സാ ഒ. പി. വിഭാഗം പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഒ. പി. എന്ന് തുറന്ന് പ്രവർത്തിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ എത്ര സർക്കാർ ആശുപത്രികളിൽ മനഃശാസ്ത്ര വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്; അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ മനഃശാസ്ത്ര ഒ. പി. വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മനഃശാസ്ത്ര ചികിത്സാ വിഭാഗം മഞ്ചേരി ജില്ലാ ആശുപത്രിയിൽ മാത്രമാണുള്ളത്.

എയ്ഡ്സ് ബാധിതരായ കുട്ടികൾക്ക് നൽകിയ ആനുകൂല്യങ്ങൾ

106 [563] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ എയ്ഡ്സ് ബാധിതരായ ബൻസൺ, ബെൻസി എന്നീ സഹോദരങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ആരോഗ്യ വകുപ്പിൽ നിന്നും നൽകിയത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുട്ടികളുടെ ഇപ്പോഴത്തെ ആരോഗ്യസ്ഥിതി എപ്രകാരമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly